# ഒരു മുന്നറിയിപ്പ്

## യെശയ്യാവ് 10:1–2

**“ദരിദ്രർക്ക് നീതി നിഷേധിക്കുവാനും എന്റെ ജനത്തിലെ എളിയവരുടെ അവകാശങ്ങൾ എടുത്തുകളവാനും വിധവമാർ തങ്ങളുടെ കൊള്ളയായിത്തീരുവാനും അനാഥരെ ചൂഷണം ചെയ്യുവാനും വേണ്ടി നീതികെട്ട ചട്ടങ്ങൾ നിർമ്മിക്കുന്നവർക്കും ന്യായരഹിതമായ തീരുമാനങ്ങൾ എഴുതിവെയ്ക്കുന്നവർക്കും അയ്യോ കഷ്ടം!”**

ദൈവം തന്റെ ജനത്തോട് ദുഷ്ടത പ്രവൃത്തിക്കുന്നവർക്ക് കൊടുക്കുന്ന ഒരു മുന്നറിയിപ്പായി നമുക്കിതിനെ കാണാം. ഇവിടെ നാലു കാര്യങ്ങളെ വളരെ വ്യക്തമായി എടുത്തു പറഞ്ഞിരിക്കുന്നു. നീതി നിഷേധം, അവകാശങ്ങൾ എടുത്തുകളയുക, കൊള്ളയിടുക, ചൂഷണം ചെയ്യുക. ഈ കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ദുഷ്ടതയുടെ മറ്റു വശങ്ങൾ തരം തിരിഞ്ഞു വരുന്നതെന്നു വേണമെങ്കിൽ പറയാം.

ഇന്ന് നാം ആയിരിക്കുന്ന ഈ ലോകത്തിലേക്ക് നോക്കിയാൽ ഓരോ ദിവസവും നമ്മുടെ കണ്മുമ്പിൽ നടക്കുന്ന കാര്യങ്ങൾ തന്നെ എടുത്താൽ മതി ദൈവം യെശയ്യാ പ്രവാചകനിലൂടെ പറഞ്ഞുവെച്ചതിനെ അന്വർത്ഥമാക്കുന്ന തരത്തിലുള്ള കാര്യങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. നിയമ നിർമ്മാണങ്ങളും നീതി ന്യായ വ്യവസ്ഥകളും മറ്റും പണത്തിന്റെ മുമ്പിൽ ഒന്നുമല്ലാതാകുന്ന കാഴ്ചകൾ. ഇതു ഇന്നു ലോകത്തിൽ സാത്താൻ തന്റെ പ്രവർത്തനം എത്ര ത്വരിതഗതിയിൽ ആക്കിയിരിക്കുന്നു എന്നതിന്നു തെളിവാണ്. കാരണം അവനു നമ്മേക്കാൾ വലിയ ഉറപ്പാണ് കർത്താവിന്റെ രണ്ടാം വരവ്.

ഒന്നാലോച്ചിച്ചു നോക്കിക്കേ, സാത്താനെ സംബന്ധിച്ചിടത്തോളം കർത്താവിന്റെ രണ്ടാം വരവിൽ അവന്റെ അവസാനമാണെന്നുള്ള വളരെ വ്യക്തമായ ഒരു ബോധ്യം അവനു കാണും എങ്കിലും തോറ്റു കൊടുക്കാൻ അവൻ കൂട്ടാക്കാതെ കർത്താവിന്റെ മുമ്പിൽ പോരാടാനൊരുങ്ങുകയാണ്. താൻ പരാജയപ്പെടുന്നതിനൊപ്പം അവനു ആവോളം പേരെ കൂടെ പരാജിതരാക്കാനുള്ള ശ്രമത്തിലാണ്. എന്നാൽ നാമോ നമുക്ക് കർത്താവിന്റെ വരവിങ്കൽ അവനോടൊപ്പം സ്വർഗ്ഗീയ വാസവും, ജയജീവിതവും ഒരുക്കി വെച്ചിരിക്കുമ്പോൾ നാം അതിനെ കണ്ടില്ല എന്നു നടിച്ച് ഒഴിഞ്ഞു മാറി നടക്കുകയാണ്. അതിലൂടെ സാത്താന്റെ കൂട്ടവകാശികളായി നിത്യ നരകത്തിലേക്ക് നടന്നടുക്കുകയാണ്.

അങ്ങനെയെങ്കിൽ ഇന്നു ദൈവത്തിന്റെ മുന്നറിയിപ്പിൻ ശബ്ദം നാം കേൾക്കണം, മേൽപ്പറഞ്ഞ കാര്യങ്ങൾ പ്രവർത്തിക്കുന്നവർക്ക് ‘അയ്യോ കഷ്ടം’’ എന്നുള്ള ആ ശബ്ദം നിത്യം നമ്മുടെ ഹൃദയത്തിൽ മുഴങ്ങണം അതിലൂടെ നാം അവയിൽ നിന്നൊക്കെയും

വിട്ടകന്ന് ദുഷ്ടന്റെ ഗണത്തിൽ നിന്ന് വേർപ്പെട്ട് നമ്മുടെ ജീവിതം നമുക്ക് വേണ്ടി നമ്മുടെ പാപങ്ങളെ വഹിച്ച നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുവിനു സമർപ്പിക്കണം. ആ ഒരു സമർപ്പണത്തിലൂടെ മാത്രമേ നമുക്ക് അന്ത്യകാഹള നാദത്തിൻ ശബ്ദം കേൾക്കുമ്പോൾ അവനൊപ്പം ചേർക്കപ്പെടുവാനുള്ള ഭാഗ്യം ലഭിക്കുകയുള്ളൂ.

നാം വചനത്തിൽ വായിച്ച കാര്യങ്ങൾ കാണുമ്പോൾ, ഏതെങ്കിലും തരത്തിൽ അതിൽ ഭാഗഭാക്കാകാനുള്ള സാഹചര്യം ഉണ്ടായാൽ അതിൽ നിന്നു പിന്മാറി സത്യത്തിനും നീതിക്കും ന്യായത്തിനും വേണ്ടി നിലകൊള്ളുവാൻ ശ്രമിക്കുക. കാരണം നമ്മുടെ കർത്താവ് നീതിമാനായ ന്യായാധിപതിയാണ്. അവൻ നേരോടും നീതിയോടും കൂടി വിധിക്കുവാൻ കടന്നു വരുവാൻ ഇനി ഏറെ സമയമില്ല. അതിനായി നമുക്കൊരുങ്ങാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

റോമർ 8:1

അതുകൊണ്ടു ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല.

ബ്രദർ ബിനു ബേബി ആലപ്പുഴ 048